25582
8/2/16

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - കേരള കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ - ഗവർണറുടെ നോമിനിയെ നിശ്ചയിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ. 10/2016/പിസവിവ. തീയതി, തിരുവനന്തപുരം, 04.02.2016.

===================================================================

പരാമർശം: സ. ഉ. (ആർ.റ്റി) നം. 13/2015/പി. സ. വി. വ. തീയതി 02/03/2015.

**ഉത്തരവ്**

സംസ്ഥാനത്തെ മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളെ നിയമിച്ചുകൊണ്ടും ഷെയർ വിഹിതം നിശ്ചയിച്ചുകൊണ്ടും മേൽ പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.കേരള കളിമൺപാത്ര നിർമ്മാണ വികസന ക്ഷേമ കോർപ്പറേഷന്റെ രജിസ്ട്രേഷൻ നടപടികൾക്കായി ഗവർണ്ണറുടെ നോമിനിയെ നിയമിക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ പിന്നോക്ക സമുദായ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ഷെറിൻ ഫ്രാൻസിസ്. പി.എഫ് -നെ ഗവർണ്ണറുടെ നോമിനിയായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ചന്ദ്രിക. ഒ**
ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളിഭവൻ, കനക നഗർ, വെള്ളയമ്പലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ